Mangalam
Monday, 26 Jan 2009

# തൃക്കുന്നത്ത് പള്ളി: ഇരു വിഭാഗവും നിർദേശങ്ങൾ പാലിച്ചു: കലക്ടർ

കൊച്ചി: ഇന്നലെ ഇരു വിഭാഗവും നിർദേശങ്ങൾ ശരിയായി പാലിച്ചുവെന്നും ക്രമസമാധാന പ്രശ്നമുണ്ടായിട്ടില്ലെന്നും കലക്ടർ ഡോ. എം. ബീന പറഞ്ഞു.

കൃത്യസമയത്തു തന്നെ നടപടികൾ പൂർത്തിയായി. സംഭവ വികാസങ്ങൾ നിരീക്ഷിച്ച് റിപ്പോർട്ട് നൽകാൻ ഹൈക്കോടതി അഡ്വ. ശ്രീലാൽ വാര്യരെ കമ്മിഷനായി നിയോഗിച്ചിരുന്നു. ഇന്നലെയും ഇന്നും സംഭവങ്ങൾ നിരീക്ഷിക്കുന്ന ഇദ്ദേഹം 29നു റിപ്പോർട്ട് നൽകും. കേസ് 30 നാണു വീണ്ടും പരിഗണിക്കുന്നത്. ആദ്യമായാണ് ഓർത്തഡോക്സ് സഭയുടെ സമ്മതത്തോടെ യാക്കോബായ സഭയിലെ കാതോലിക്കാ ബാവായും മെത്രാന്മാരും തൃക്കുന്നത്ത് കബറിൽ ആരാധന നടത്തുന്നത്. കഴിഞ്ഞ മൂന്നുതവണയും ഓർത്തഡോക്സ് വിഭാഗം ശക്തമായി എതിർത്തിരുന്നു. മുഖ്യമന്ത്രി വിളിച്ച ചർച്ചയെ തുടർന്നായിരുന്നു സമയക്രമീകരണം.

യാക്കോബായ വിഭാഗത്തിന്റെ തീർത്ഥയാത്രയിൽ കയറി മുദ്രാവാക്യം വിളിച്ച രണ്ടുപേരെ ആലുവ പോലീസ് അറസ്റ്റു ചെയ്തു. കോട്ടയം ഇരവികുളങ്ങര സ്വദേശികളായ ബൈജു തോമസ്(36), സജി മാത്യു(47) എന്നിവരെയാണ് പിടികൂടിയത്. കൈയേറ്റമുണ്ടായതിനേ തുടർന്നു ഇവരെ കസ്റ്റഡിയിലെടുക്കുകയായിരുന്നു.

വൈകിട്ട് അഞ്ചു മണിക്കുശേഷവും തങ്ങളെ പുറത്തു പോകാൻ അനുവദിക്കാത്തതിൽ സെമിനാരി കെട്ടിടത്തിൽ ഉണ്ടായിരുന്ന ഓർത്തഡോക്സ് വിഭാഗക്കാർ ബഹളം കൂട്ടി. രാവിലെ വന്ന ഇവരെ വൈകിട്ടുവരെ പുറത്തുപോകാൻ പോലീസ് സമ്മതിച്ചില്ല. തുടർന്ന് കലക്ടറുടെ ഇടപെട്ട് അഞ്ചരയോടെ ഇവരെ ചെറുസംഘങ്ങളായി പുറത്തുവിട്ടു. കളമശേരി ഓർത്തഡോക്സ് പള്ളിയിലേക്ക് അതിക്രമിച്ചു കയറാൻ ശ്രമിച്ച സംഘത്തിലെ യുവാവിനെ നാട്ടുകാർ പിടികൂടി പോലീസിലേൽപ്പിച്ചു. കാഞ്ഞിരമറ്റം എടമ്പാടത്ത് ഷിബി (36)യാണു പിടിയിലായത്. രാവിലെ മാസ് ഹാളിൽ നടന്ന കുർബാനയ്ക്ക് ജോസഫ് മോർ ഗ്രിഗോറിയോസും സന്ധ്യാപ്രാർഥനയ്ക്ക് ശ്രേഷ്ഠ കാതോലിക്കാ ബാവയും നേതൃത്വം നൽകി. ഇന്ന് ഇരു വിഭാഗവും പതിവുപോലെ പെരുന്നാൾ ചടങ്ങുകൾ നടത്തും.